പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3521 12/12/2014--ൽ മറുപടിക്ക്

പക്ഷിപ്പനി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ ഇപ്പോൾ പടർന്നു പിടിക്കുന്ന പക്ഷിപ്പനി ഇപ്രകാരം വ്യാപിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ദേശാടന പക്ഷികളിലൂടെയാണ് പക്ഷിപ്പനി കേരളത്തിൽ വ്യാപിക്കുവാനിടയായത് എന്നാണ് വിലയിരുത്തിട്ടുള്ളത് . |
| ബി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ വേണ്ടത്ര പരിശോധനയില്ലാതെ കടന്നുവരുന്ന രോഗബാധിതരായ താറാവുകളും കോഴികളും ഇതിനുകാരണമായിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വസ്തുതയുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല. അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിമിതമായ പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഇവിടെ പക്ഷിപ്പനി പോലുള്ള രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബുകളോ സൗകര്യങ്ങളോ ഇല്ല. അയൽ സംസ്ഥാനങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ രോഗം അവിടെ നിന്നാണ് വന്നത് എന്ന് കരുതാനാവില്ല. |
| സി) ദേശാടന പക്ഷികളിലൂടെയാണോ ഈ രോഗം ഇപ്പോൾ പടർന്നുപിടിച്ചിട്ടുള്ളത്. എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇത് സംഭവിക്കുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | ദേശാടന പക്ഷികളിലൂടെയാണ് ഇപ്പോൾ ഈ രോഗം പടർന്നുപിടിച്ചത് എന്നാണ് അനുമാനിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ഇതുവരെ രോഗം റിപ്പോർട്ട് ചെയ്യിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുമോ; എങ്കിൽ ഇതിനായി ഒരു വിദഗ്ധ സംഘത്തെ ചുമതലപ്പെടുത്തുമോ; വിശദവിവരം നൽകുമോ? | (ഡി) | ദേശാടനപക്ഷികളുമായി ബന്ധപ്പെട്ട രോഗവ്യാപനമായതിനാൽ കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിലുള്ള സംഘത്തിനുമാത്രമേ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ